പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2611 **28-10-2026-ൽ മറുപടിയ്ക്ക്**

പാലോട് റെയിഞ്ചിലെ ജണ്ട നിർമ്മാണ അഴിമതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജീവ് ജോസഫ് ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റേഞ്ചിൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ നടന്ന ജണ്ട നിർമ്മാണ അഴിമതിയുമായി ബന്ധപ്പെട്ട് 15/03/2025-ൽ കോട്ടയം വനം വിജിലൻസ് വിഭാഗം കൺസർവേറ്റർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ആകെ എത്ര രൂപയുടെ സാമ്പത്തിക നഷ്ടമാണ് തിട്ടപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് 2022 വർഷത്തിൽ വനം വിജിലൻസ് വിഭാഗം സാമ്പിൾ ഡേറ്റാകളുടെ വെളിച്ചത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിൽ കണക്കാക്കിയ നഷ്ടം യഥാർത്ഥ നഷ്ടമല്ലാത്തതിനാൽ ബന്ധപ്പെട്ട കൺസർവേറ്റർമാരോട് കൃത്യമായി പരിശോധിച്ചു സർക്കാർ നഷ്ടം കണക്കാക്കി നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിരുന്നു. സാമ്പിൾ ഡേറ്റാകൾ പ്രകാരം കണക്കാക്കിയ റിപ്പോർട്ടിനെ ആധാരമാക്കി സി.എം.ഒ പോർട്ടലിൽ ലഭിച്ച ഒരു പരാതിയുടെ റിപ്പോർട്ടാണ് 15.03.2025ൽ സമർപ്പിച്ചിരുന്നത്. ആയത് നഷ്ടം തിട്ടപ്പെടുത്തി കൊണ്ടുള്ള റിപ്പോർട്ടല്ല.

(ബി) പ്രസ്തുത റിപ്പോർട്ടിൽ അനധികൃതമായി സർക്കാർ വനഭൂമി സ്വകാര്യ വ്യക്തികൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ക്രമക്കേട് മൂലം സർക്കാരിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ തുക എത്രയാണെന്നും, ഇല്ലെങ്കിൽ നഷ്ടം തിട്ടപ്പെടുത്താത്തതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ;

മറുപടി: ഇല്ല. സർക്കാർ വനഭൂമി നഷ്ടപ്പെട്ടതായി കണ്ടെത്തിയിട്ടില്ല.

(സി) സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയോട് അനുബന്ധിച്ച് പാലോട് റേഞ്ചിൽ വനഭൂമിയുമായി അതിർത്തി പങ്കിടുന്ന സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള എൻ.ഒ.സി.-യ്ക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര വ്യക്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

മറുപടി: സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയോട് അനുബന്ധിച്ച് ജൂലൈ മാസം മുതൽ നാളിതുവരെ പാലോട് റെയിഞ്ചിൽ വനഭൂമിയുമായി അതിർത്തി പങ്കിടുന്ന സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള എൻ.ഒ.സി. യ്ക്കായി 24 അപേക്ഷകൾ ലഭിച്ചിട്ടുള്ളതാണ്. അതിൽ 15 അപേക്ഷകൾ നടപടികൾ പൂർത്തിയാക്കി എൻ.ഒ.സി. നൽകിയിട്ടുള്ളതാണ്. മൂന്ന് അപേക്ഷകൾ അതിർത്തി നിർണ്ണയിക്കുന്നതിനായി ജോയിന്റ് സർവ്വേ നടത്തുന്നതിന് നെടുമങ്ങാട് തഹസിൽദാർക്ക്

നൽകിയിട്ടുള്ളതാണ്. സമീപ ദിവസങ്ങളിൽ ലഭിച്ച അപേക്ഷകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) വനഭൂമിയുടെ അതിർത്തിയിലെ ജണ്ടകൾ യഥാസ്ഥലത്ത് നിർമ്മിക്കാത്തതിനാൽ പാലോട് റേഞ്ചിൽ എൻ.ഒ.സി. നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിന് ശാശ്വതമായ പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ